# വിശാലകൊച്ചിവികസന അതോറിറ്റി

**പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി–682020**

**Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com**

*"ഭരണഭാഷ - മാതൃഭാഷ"*

നമ്പർ.1851/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 30.03.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. കെ.ടി. ചെഷയർ,
കടവിൽവീട്,
മുട്ടത്തിൽ ലെയിൻ,
കടവന്ത്ര, കൊച്ചി - 20.

സർ,

വിഷയം:-ജി.സി.ഡി.എ. -ഭരണവിഭാഗം - വിവരാവകാശ നിയമം -വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 03.03.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം(1) :- ജിസിഡിഎയുടെ സ്ഥലം വിൽക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാം? തരംതിരിച്ച് വേണം.

ഉത്തരം :- ലഭ്യമല്ല.

ചോദ്യം (2) :- സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജിസിഡിഎയുടെ സ്ഥലങ്ങൾ സ്കീമിൽപെടാത്ത ആവശ്യങ്ങൾക്ക് സ്വകാര്യ വ്യക്തികൾക്ക് വില്പന നടത്താമോ ? വിൽപ്പന നടത്താമെങ്കിൽ മാനദണ്ഡം വ്യക്തമാക്കുക?

ഉത്തരം :- സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ സ്കീമിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാൻ സാദ്ധ്യമാകൂ.

ചോദ്യം (3) :- ജിസിഡിഎയുടെ ഭൂമി വിൽക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതിയുടെ ആവശ്യമുണ്ടോ ?

ഉത്തരം :- ജിസിഡിഎ യുടെ ഭൂമി വിൽക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

ചോദ്യം (4) :- ജിസിഡിഎ വക ഭൂമി സ്വകാര്യ വ്യക്തികൾക്ക് വില്ക്കുമ്പോൾ ഭൂമിയുടെ വില നിശ്ചയിക്കുന്നത് ആരാണ് ?

ഉത്തരം :- ഡിസ്ട്രക്റ്റ് കളക്റ്റർ

ചോദ്യം (5) :- ജിസിഡിഎയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ജിസിഡിഎയുടെ സ്ഥലങ്ങൾ വിൽക്കുന്നതിന് തീരുമാനം എടുക്കുവാൻ അധികാരം ഉണ്ടോ ? മാനദണ്ഡം വ്യക്തമാക്കുക ?

ഉത്തരം :- ലഭ്യമല്ല.

ചോദ്യം (6) :- 2011 മാർച്ച് മുതൽ ഇന്നുവരെ 03.03.2017 ജിസിഡിഎയുടെ എത്ര സെന്റ് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വില്പന നടത്തിയിട്ടുണ്ട് വാങ്ങിച്ചിരിക്കുന്ന വ്യക്തികളുടെ പേരും, അഡ്രസ്സും, ഒരു സെന്റിന്റെ വില, വില്ലേജ്, ഫെയർ വാല്യൂ, ആധാരത്തിന്റെ കോപ്പി, സ്കെച്ച്, ജില്ലാകളക്ടറുടെ അനുമതി, ജി.ഒ എന്നിവ തരം തിരിച്ച് എഴുതി തരണം ഇതിന്റെ കോപ്പികൾ വേണം ?

ഉത്തരം :- സെക്ഷനിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു. വിശദമായ വിവരങ്ങൾ നൽകുവാൻ ആവശ്യമായ ഫയലുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശപ്രകാരം വിജിലൻസ് ഓഫീസിൽ നൽകിയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതിന് എസ്റ്റേറ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

ചോദ്യം (7) :- ജിസിഡിഎയുടെ സ്ഥലങ്ങൾ വിൽക്കുമ്പോൾ ജില്ലാകളക്ടറുടെ അനുവാദത്തിന്റെ ആവശ്യമുണ്ടോ ?

ഉത്തരം :- ജിസിഡിഎയുടെ സ്ഥലങ്ങൾ വിൽക്കുമ്പോൾ ജില്ലാ കളക്ടറുടെ NOC ലഭ്യമാക്കേണ്ടതാണ്. ജി.ഒ പകർപ്പ് ലഭ്യമാണ്.

ചോദ്യം (8) :- ജിസിഡിഎയുടെ ഭൂമി സ്വകാര്യ വ്യക്തിക്ക് വില്പന നടത്തി രജിസ്റ്റർ ചെയ്തു കൊടുക്കുമ്പോൾ രജിസ്ട്രാർക്ക് ജില്ലാ കളക്ടറുടെ എൻ.ഒ.സി ജിസിഡിഎ ഹാജരാക്കേണ്ടതുണ്ടോ ?

ഉത്തരം :- ജിസിഡിഎ യുടെ ഭൂമി സ്വകാര്യ വ്യക്തിക്ക് വിൽപന നടത്തി രജിസ്റ്റർ ചെയ്തു കൊടുക്കുമ്പോൾ രജിസ്ട്രാർക്ക് ജില്ലാ കളക്ടറുടെ NOC ജിസിഡിഎ ഹാജരാക്കിയിട്ടില്ല.

ചോദ്യം (9) :- ജിസിഡിഎയുടെ വില്പന നടത്തിയ ഭൂമികളിൽപ്പെട്ട മാതാനഗറിനു സമീപം ഉള്ള ഭൂമി, പനമ്പിള്ളിനഗറിലുള്ള ഭൂമി, തേവര കുന്നത്ത് ബാങ്കിനടുത്തുള്ള ഭൂമി, കെ.കെ. റോഡിലുള്ള ഭൂമി, എന്നിവ രജിസ്റ്റർ ചെയ്ത് വില്പന നടത്തിയപ്പോൾ രജിസ്ട്രാർക്ക് ജിസിഡിഎയുടെ സെക്രട്ടറി എറണാകുളം ജില്ലാ കളക്ടറുടെ എൻ.ഒ.സി നൽകിയിരുന്നോ ? ഉണ്ടെങ്കിൽ കോപ്പി വേണം ?

ഉത്തരം :- ടി ഭൂമികൾ രജിസ്റ്റർ ചെയ്തു വിൽപന നടത്തിയപ്പോൾ രജിസ്ട്രാർക്ക്, ജിസിഡിഎ സെക്രട്ടറി എറണാകുളം ജില്ലാ കളക്ടറുടെ NOC നൽകിയിട്ടില്ല.

ചോദ്യം (10) :- 2011 മാർച്ച് മുതൽ ഇന്നുവരെ ജിസിഡിഎ വില്പന നടത്തിയിരിക്കുന്ന സ്ഥലങ്ങൾ എല്ലാ മാനദണ്ഡങ്ങൾ പാലിച്ച് വില്പന നടത്തിയതും, മാനദണ്ഡങ്ങൾ പാലിക്കാതെ വില്പന നടത്തിയതും എന്നിവ തരം തിരിച്ച്വേണം ? ഇതിൽ ഒപ്പിട്ടിരിക്കുന്ന സെക്രട്ടറിയുടെ പേര്, നിലവിലുള്ള അഡ്രസ്സ് എന്നിവ തരംതിരിച്ച് വേണം.

ഉത്തരം :- ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് cease ചെയ്ത് കൊണ്ടു പോയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതിന് എസ്റ്റേറ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

ചോദ്യം (11) :- മേൽ പറഞ്ഞ കാലയളവിൽ ജിസിഡിഎ വക ഭൂമികൾ വില്പന നടത്തിയതുകൊണ്ട് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ? എത്ര രൂപ ഭൂമി കച്ചവടവുമായി ബന്ധപ്പെട്ട് ഇൻകം ടാക്സ് അടച്ചു അതിന്റെ കോപ്പി വേണം.

ഉത്തരം :- ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് cease ചെയ്ത് കൊണ്ടു പോയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതിന് എസ്റ്റേറ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുന്നു.

ചോദ്യം (12) :- മേൽപറഞ്ഞ കാലയളവിൽ വില്പന നടത്തിയിട്ടുള്ള സ്ഥലങ്ങൾ ഡെവലപ്പ്മെന്റ് ചെയ്യുവാൻ (സംരക്ഷണ ഭിത്തി, മണ്ണടിച്ചത്, മതിൽകെട്ട്, ഫെൻസിങ്ങ് മുതലായവ) എത്ര

രൂപ ചിലവാക്കി, പ്ലോട്ടുകളും, സർവ്വെ നമ്പറുകൾ, സ്ഥലം, വില്ലേജ് എന്നിവ തരം തിരിച്ച് വേണം ?

ഉത്തരം :-

| Name of Work | Amount |
|---|---|
| 1. E1/2275/2014/GCDA<br>Tarring works for road leading to survey No.738/2 of Elamkulam Village and survey No.1002/1003 of Ernakulam Village. | Rs.169683/- |
| 2. E1/7268/2014/GCDA<br>Fencing works in Kadavanthra west scheme GCDA Plot | Rs.47853/- |
| 3. E1/6285/2013/GCDA<br>Kadavanthra West Construction of side wall to the Rehabilitation plot in Survey No.899/2 | Rs.50596/- |
| 4. E1/3309/2010/GCDA<br>Cleaning, Maintenance of open space and construction of compound wall and gate for plot of GCDA near passport office at Panampilly Nagar in Survey No,732/2, 1002, 1013 of Elamkulam Village. | Rs.531176/- |
| 5. E1/2478/2013/GCDA<br>Development of Rehabilitation Plot in Survey No.899/2 of Elamkulam Village | Rs.575862/- |
| 6. E1/4720/2012/GCDA<br>Development of Rehabilitation Plot in Survey No.635 of Elamkulam Village | RS.469191/- |

അപ്പീൽഅധികാരിയുടെമേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ്അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

cv